## പതിനാലാം കേരള നിയമസഭ
### ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :943 11.07.2016 ൽ മറുപടിയ്ക്ക്

### കയ്യേറ്റഭൂമി പിടിച്ചെടുത്ത് ഭൂരഹിതർക്ക് നൽകാൻ നടപടി

ചോദ്യം

**ശ്രീ.പി.കെ. ശശി**

മറുപടി

**ശ്രീ. ഇ. ചന്ദ്രശേഖരൻ**
**(റവന്യൂ ഭവനനിർമ്മാണ വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| (എ) | സംസ്ഥാനത്ത് നിലവിൽ എത്ര ഏക്കർ കയ്യേറ്റ ഭൂമിയുണ്ടെന്ന് ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ; | വിവരം ശേഖരിച്ചു വരുന്നു |
| (ബി) | പ്രസ്തുത കയ്യേറ്റ ഭൂമി പിടിച്ചെടുത്ത് ഭൂരഹിതർക്ക് നൽകാനും കൃഷി യോഗ്യമായ സ്ഥലങ്ങൾ കണ്ടെത്തി ഗ്രൂപ്പ് പട്ടയം വഴി കർഷകർക്ക്നൽകി കൃഷി പ്രോത്സാഹിപ്പിക്കാനും എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്ത മാക്കുമോ; | ഈ വിഷയത്തിൽ തീരുമാനമെടുത്തിട്ടില്ല. |
| (സി) | എത്ര ഏക്കർ തോട്ട ഭൂമി കയ്യേറ്റക്കാരുടെയും മറ്റു കമ്പനി കളുടെയും കൈവശമുണ്ടെന്നും ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ; ഇതു സംബന്ധിച്ച വിശദാന്വേഷണത്തിന്റെ സ്പെഷ്യൽ ഓഫീസറായിരുന്ന ഡോ. രാജമാണിക്യത്തിന്റെ അന്വേഷണ കണ്ടെത്തലുകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | സംസ്ഥാനത്ത് M/s ഹാരിസൺസ് മലയാളം ലിമിറ്റഡ്, അവരിൽ നിന്നും ഭൂമി നേടിയ കമ്പനികൾ, മറ്റു കൈയ്യേറ്റക്കാർ തുടങ്ങിയവർ കൈവശം വയ്ക്കുന്ന സർക്കാർ ഭൂമി ബഹു. ഹൈക്കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കേരള ഭൂസംരക്ഷണ നിയമ പ്രകാരം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പരിശോധിച്ചു വരുന്നു. ടി കമ്പനികളും മറ്റുള്ളവരും സംസ്ഥാനത്ത് 7 ജില്ലകളിലായി ഏകദേശം 74,333,92 ഏക്കർ ഭൂമി കൈവശം വയ്ക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇതിൽ കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി എന്നീ 4 ജില്ലകളിൽ നിന്നും താഴെ പട്ടികയിൽ പരാമർശിക്കുന്ന രീതിയിൽ സർക്കാർ ഭൂമി ഏറ്റെടുത്തുകൊണ്ട് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. |

| ജില്ല | വിസ്തീർണ്ണം (ഏക്കറിൽ) | റിമാർക്സ് |
|---|---|---|
| കൊല്ലം | 10, 205.87 | M/s ഹാരിസൺസ് മലയാളം ലിമിറ്റഡ്(HML) |

| | | |
|---|---|---|
| | | 6584.49 ഏക്കർ |
| പത്തനംതിട്ട | 7, 635.44 | M/s ഹാരിസൺസ് മലയാളം ലിമിറ്റഡ്(HML) 7635.44 ഏക്കർ |
| കോട്ടയം | 3, 645.99 | M/s ഹാരിസൺസ് മലയാളം ലിമിറ്റഡ്(HML) 1381.89 ഏക്കർ |
| ഇടുക്കി | 16, 683.62 | M/s ഹാരിസൺസ് മലയാളം ലിമിറ്റഡ്(HML) 14, 418.13 ഏക്കർ |
| ആകെ | 38, 170.92 | 30, 019.95 ഏക്കർ |

ഏറ്റെടുക്കൽ നടപടികൾ അവശേഷിക്കുന്ന ജില്ലകൾ ചുവടെ ചേർക്കുന്നു.

| **ജില്ല** | **വിസ്തീർണ്ണം (ഏക്കറിൽ)** | **റിമാർക്സ്** |
|---|---|---|
| വയനാട് | 30, 000 | പ്രാരംഭ നടപടികൾ ബഹു. ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുന്നു. |
| തൃശ്ശൂർ | 6, 163 | |
| എറണാകുളം | -------- | കൃത്യമായി കണക്കാക്കപ്പെട്ടിട്ടില്ല 3 ഏക്കറോളം മാത്രം |

സ്പെഷ്യൽ ഓഫീസിൽ ലഭ്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ നടത്തിയ പ്രാഥമിക അന്വേഷണത്തിൽ സംസ്ഥാനത്താകെ ഏകദേശം 5 ലക്ഷം ഏക്കറിലധികം തോട്ട ഭൂമി സ്വാതന്ത്ര്യത്തിനു മുൻപ് ഉണ്ടായിരുന്നതായി കാണുന്നു. United Planter's Association of South India യുടെ സെക്രട്ടറി 15.03.1928 ൽ പ്രസിദ്ധീകരിച്ച The Planting Directory of Southern India എന്ന പ്രസിദ്ധീകരണ പ്രകാരം 1928 ൽ ടി അസോസിയേഷനിൽ അംഗമായിരുന്ന ഇംഗ്ലീഷ് കമ്പനികളുടെ കൈവശം മാത്രം 3,41,590 ഏക്കർ ഭൂമി ഉണ്ടായിരുന്നതായി കാണുന്നു.

1947 ലെ സ്വാതന്ത്ര്യത്തോടൊപ്പം രാജഭരണത്തിന്റെ അവസാനവും, ബ്രിട്ടീഷ് ആധിപത്യത്തിന്റെ അവസാനവും ഒരുമിച്ച് സംഭവിക്കുകയും, കേരള രൂപീകരണത്തിനു ശേഷം 1957 ൽ ജനാധിപത്യ സർക്കാർ നിലവിൽ വരുന്നതു വരെയുണ്ടായിരുന്ന 10 വർഷക്കാലത്തെ ശക്തമായ ഭരണ നിർവ്വഹണത്തിന്റെ അഭാവവും കൈയേറ്റക്കാർ

| | | |
|---|---|---|
| | | മുതലാക്കിയെന്നും സബ് രജിസ്ട്രാറുടെ മുന്നിൽ ഹാജരാക്കുന്ന ആധാരങ്ങൾ ശരിയും തെറ്റും നോക്കാതെ രജിസ്റ്റർ ചെയ്യണമെന്നുമുള്ള രജിസ്ട്രേഷൻ റൂളും കൈയേറ്റക്കാർക്ക് സഹായകരമായിരുന്നു എന്നും കിളിമാനൂർ, ഇടപ്പള്ളി, വഞ്ചിപ്പുഴ, പൂഞ്ഞാർ എന്നീ നാട്ടുരാജ്യങ്ങളുടെ ഭരണവും, അധികാരവും നിർത്തലാക്കിക്കൊണ്ട് അവർ കൈവശം വച്ചിരുന്ന സർക്കാർ ഫ്രീഹോൾഡ് ലാന്റ് പൊന്നും വില നൽകിക്കൊണ്ട് 1956 ലെ Edavagai Rights Acquisition Act പ്രകാരം ഏറ്റെടുത്തെങ്കിലും, ഏറ്റെടുത്ത തോട്ടങ്ങളും മറ്റു വൻകിട ഭൂമികളും സർക്കാരിൽ എത്തിച്ചേർന്നിട്ടില്ല എന്നും 1963-ഭൂപരിഷ്കരണ നിയമപ്രകാരം ഭൂരഹിതർക്ക് ലഭിക്കേണ്ടതായ ഭൂമി, നടപ്പുകുടിയാൻമാർ എന്ന വ്യാജേന സീലിംഗ് പരിധിപോലും പാലിക്കാതെ ലാന്റ് ട്രൈബൂണലുകൾ വൻകിടക്കാർക്ക് പതിച്ചു നൽകിയെന്നും നിയമത്തിന്റെ സെക്ഷൻ 81 ന്റെ മറവിൽ ബാക്കി തോട്ടം മേഖലയ്ക്ക് ഇളവും നൽകിയതിലൂടെ ഭൂരിഭാഗം ഭൂമിയും വീണ്ടും ചുരുക്കം വൻകിടക്കാരുടെ കൈവശമെത്തിച്ചേർന്നു എന്നും ബഹു. ഹൈക്കോടതിയുടെ ഇടപെടൽ കാരണം കെ.എൽ.സി ആക്ട് പ്രകാരം സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിലുണ്ടാകുന്ന കാലതാമസം വ്യക്തമാക്കിക്കൊണ്ടും 4.6.2016 ൽ സ്പെഷ്യൽ ഓഫീസർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) | അരിപ്പ/ചെങ്ങറ സമരങ്ങൾക്കാധാരമായ വിഷയങ്ങൾ എന്തെല്ലാം: സമരങ്ങൾക്ക് കഴിഞ്ഞ സർക്കാർ എന്തെങ്കിലും പരിഹാരം കണ്ടെത്തിയോ; ഇല്ലെങ്കിൽ പ്രസ്തുത സമരങ്ങളുടെ പരിഹാരത്തിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | കൊല്ലം ജില്ലയിൽ പുനലൂർ താലൂക്കിൽ തിങ്കൾക്കരികം വില്ലേജിൽ സർവ്വെ 745/1 ൽ പ്പെട്ട അരിപ്പ എന്ന സ്ഥലത്ത് ഭൂസമരം നടക്കുന്നുണ്ട്. പത്തനംതിട്ട ജില്ലയിൽ നടക്കുന്ന ചെങ്ങറ ഭൂസമരത്തിന്റെ ഭാഗമായി ചെങ്ങറ പാക്കേജിൽ ഉൾപ്പെടുത്തി പുനലൂർ താലൂക്കിൽ തിങ്കൾക്കരികം വില്ലേജിൽ സർവ്വെ 745/1 ൽ പ്പെട്ട സർക്കാർ പുറമ്പോക്കിൽ (അരിപ്പ എന്ന സ്ഥലത്ത്) 20 കുടുംബങ്ങൾക്കായി 20 ഏക്കർ സ്ഥലം അനുവദിച്ചിരുന്നു. എന്നാൽ ഇതിനോടനുബന്ധിച്ചുള്ളതും ഇതേ സർവ്വെയിൽ തന്നെ പെട്ടതുമായ 52 ഏക്കർ സ്ഥലം 61 ഭൂരഹിത ആദിവാസി കുടുംബങ്ങൾക്കായി വിതരണം ചെയ്യാൻ ഉത്തരവായിരുന്നെങ്കിലും ഈ സ്ഥലത്ത് 1000 ലധികം കുടുംബങ്ങൾ കയ്യേറി കുടിൽ കെട്ടി താമസിച്ചു വരുന്നതും ഭൂസമരം നടത്തി വരുന്നതുമാണ്. ആയതിനാൽ ഈ സ്ഥലം സർക്കാർ ഉത്തരവ് പ്രകാരം ആദിവാസികൾക്കായി വിതരണം ചെയ്യാൻ സാധിച്ചിട്ടില്ലാത്തതാണ്. ഈ ഭൂസമരക്കാരെ/ കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നത് സംഘർഷത്തിനും |

| | | |
|---|---|---|
| | | പേർക്ക് ഭൂമി അനുവദിച്ച് ഉത്തരവായിരുന്നു. എന്നാൽ ചെങ്ങറ പുനരധിവാസ പാക്കേജ് പ്രകാരം അനുവദിച്ച ഭൂമിയിൽ അധികവും താമസയോഗ്യവും കൃഷിയോഗ്യവുമല്ലെന്ന കാരണത്താൽ ആളുകൾ നിരസിക്കുകയുണ്ടായി. ആയതിനാൽ ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതിനുള്ള പദ്ധതികൾ പരിശോധനയിലാണ്. |

**സെക്ഷൻ ഓഫീസർ**